# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3516** **12.05.2017-ൽ മറുപടിയ്ക്ക്**

**കടലിൽ നിക്ഷേപിച്ചിട്ടുള്ള മത്സ്യകുഞ്ഞുങ്ങൾ**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ ഏതെല്ലാം മത്സ്യയിനങ്ങളുടെ കുഞ്ഞുങ്ങളെയാണ് കടലിൽ നിക്ഷേപിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | എ) | കേന്ദ്ര ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ മത്സ്യക്കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പ് കടലിൽ നിക്ഷേപിച്ചിട്ടില്ല. എന്നാൽ, സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് ഫിഷറീസ് വകുപ്പ് കടലിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടു ണ്ട്. അഴി, പൊഴി തുടങ്ങിയ ഇടങ്ങളിൽ നിക്ഷേപിക്കുന്നത് കടലിൽ മത്സ്യലഭ്യത ഉയർത്തുന്നതിനാണ്. പൂമീൻ, നാരൻ/കാര ചെമ്മീൻ മത്സ്യവിത്തുകളാണ് അഴി, പൊഴി തുടങ്ങിയ ഇടങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളത്. |
| ബി) മുൻകാലങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ; | ബി) | 2016-17 വർഷം സാമ്പത്തിക വർഷത്തിൽ 9 മറൈൻ ജില്ലകൾക്കായി 90 ലക്ഷം രൂപ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞ്/ ചെമ്മീൻ കുഞ്ഞുങ്ങൾ നിക്ഷേപം നടത്തുന്നതിനായി അനുവദിച്ചിട്ടു ണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 253 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിട്ടു ണ്ട്. |
| സി) ഇതിന്റെ ഫലമായി മത്സ്യസമ്പത്ത് വർദ്ധിച്ചിട്ടുള്ളതായ റിപ്പോർട്ടുകളുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | സി) | ഇതിന്റെ ഫലമായി ഉൾനാടൻ മത്സ്യോൽപ്പാദനം 1.4 ലക്ഷം മെട്രിക് ടണ്ണിൽ (2011-12) നിന്നും 2.11 ലക്ഷം മെട്രിക് ടൺ (2015-16) ആയി ഉയർത്തുവാൻ കഴിഞ്ഞിട്ടുള്ള തായി കണക്കാക്കപ്പെട്ടിട്ടു ണ്ട്. |

(ഒപ്പ്)
**സെക്ഷൻ ആഫീസർ**